നമ്പർ. എൻ2/90010/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 20/08/2018
Phone: 0471-2328438
**Email: scholarshipdpi@gmail.com**

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കൂളുകളിൽ വെള്ളം ഉയർന്നത് കാരണം സ്കൂൾ കെട്ടിടങ്ങളിൽ അടയാളം രേഖപ്പെടുത്തുന്നത് -സംബന്ധിച്ച്.

സൂചന :-

ഇപ്പോൾ ഉണ്ടായ മഴക്കെടുതി മുഖാന്തിരം സ്കൂളുകൾ പലതും വെള്ളപ്പൊക്കത്തിൽ ഭാഗികമായോ, പൂർണ്ണമായോ മുങ്ങിയതായി പത്ര/ദൃശ്യ മാധ്യമങ്ങളിലൂടെ ഇതിനകം അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ സ്വീകരിക്കേണ്ട മുൻകരുതൽ നടപടിയുടെ ഭാഗമായും, പുനർനിർമ്മാണ വേളകളിൽ സ്വീകരിക്കേണ്ട സാങ്കേതിക തീരുമാനങ്ങൾക്കുവേണ്ടിയും നിലവിലുള്ള കെട്ടിടത്തിന്റെ ഏതുഭാഗം വരെ ജലനിരപ്പുയർന്നുവെന്ന് അടയാളപ്പെടുത്തലുകൾ (marking) നടത്തേണ്ടതും, ജലനിരപ്പുയർന്ന തീയതി രേഖപ്പെടുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് വിവരങ്ങൾ രേഖാമൂലം ഒരു ഡോക്യുമെന്റായി തയ്യാറാക്കി വയ്ക്കുന്നതും ഉചിതമായിരിക്കും. ഇത് സംബന്ധിച്ച് എല്ലാ വിദ്യാലയ അധികൃതർക്കും നിർദ്ദേശം നൽകേണ്ടതാണ്.

**വിശ്വസ്തതയോടെ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും